പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3696 — 24.06.2014-ൽ മറുപടിയ്ക്ക്

## കൊല്ലം ജില്ലയിലെ രാജീവ് ഗാന്ധി റൂറൽ ത്വരിത വൈദ്യുതീകരണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. രാജു : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | രാജീവ് ഗാന്ധി ഗ്രാമീണ ത്വരിത വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയ്ക്ക് എത്ര തുക അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കൊല്ലം ജില്ലയിൽ 328.05 ലക്ഷം രൂപയുടെ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അംഗീകാരം, പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസിയായ റൂറൽ ഇലക്ട്രിഫിക്കേഷനിൽ നിന്നും 19-12-2011-ൽ ലഭിച്ചു. ഇതിൻെറ ആദ്യ ഗഡുവായ 93.702 ലക്ഷം രൂപ 31-01-2013-ൽ ലഭിച്ചു. ബാക്കി തുക ഈ സാമ്പത്തിക (2014-15) വർഷത്തിൽ തന്നെ ലഭിക്കുന്നതാണ്. |
| (ബി) | സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ വൈദ്യുതി എത്തിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതികരണ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വീടുകൾ സൗജന്യമായി വൈദ്യുതികരിക്കുന്നതാണ്. ലൈൻ നീട്ടൽ ആവശ്യമില്ലാത്ത, 500 വാട്ട്സിനു താഴെ കണക്ടഡ് ലോഡ് ഉള്ള ബി. പി. എൽ വീടുകൾക്കും, 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡ് ഉള്ള എസ്. സി/ എസ്. റ്റി വിഭാഗത്തിൽപ്പെടുന്നവരുടെ വീടുകൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്. |
| (സി) | പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട റോസ്മല ഗ്രാമത്തിലെ വൈദ്യുതികരണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | (സി) | റോസ്മല ഗ്രാമപ്രദേശത്തിൻെറ വൈദ്യുതീകരണം രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതികരണത്തിൻെറ മൂന്നാമത്തെ ഭാഗമായ, Decentralized Distributed Generation വഴി വൈദ്യുതികരിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഇതിൻെറ നടപടികളുടെ ഭാഗമായി പദ്ധതി റിപ്പോർട്ട് (ഡി. പി. ആർ) സമർപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.